## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 181 — 07.07.2010- ൽ മറുപടിക്ക്.

### ജനമൈത്രി യുവകേന്ദ്രത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരളാ പോലീസിന്റെ ജനമൈത്രി പദ്ധതിയിൽ, യുവകേന്ദ്രം തുടങ്ങുന്നതിന് ആലോചനയുണ്ടോ ; | : (എ) യുവാക്കളുടെ പങ്കാളിത്തം ജനമൈത്രി പദ്ധതിയിൽ ഉറപ്പു വരുത്തുന്നതിനായി ജനമൈത്രി യുവകേന്ദ്രം പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ യുവകേന്ദ്രത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന അംഗങ്ങൾ ഏതൊക്കെ വിഭാഗങ്ങളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ ; | : (ബി) അതത് പ്രദേശങ്ങളിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന യുവജന സംഘടനകൾ മാതൃകാപരമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടാണ് ജനമൈത്രി യുവകേന്ദ്രം പ്രവർത്തിക്കുന്നത്. |
| (സി) യുവകേന്ദ്രം സ്ഥാപിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നും, യുവകേന്ദ്രം വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് | : (സി) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന വിവിധ പരിപാടികളിലും ജനമൈത്രി സുരക്ഷാ സമിതി യോഗങ്ങളിലും യുവാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അവരിൽ കുറ്റവാസന |

(മറുപുറം)

നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഒഴിവാക്കാനും പൗരബോധം വളർത്തുവാനും അവരുടെ ഊർജ്ജം സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുവാനും ഉദ്ദേശിച്ചുകൊണ്ടാണ് ജനമൈത്രി യുവകേന്ദ്രം സ്ഥാപിച്ചത്. കോളേജുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുക, കോളേജ് വിദ്യാർത്ഥികൾക്കായി കോളേജ് തലത്തിലും ഇന്റർ കോളേജിയറ്റ് തലത്തിലും വിവിധ കലാ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, ഇതിൽ മുഖ്യമായും വിവിധ വിഷയങ്ങളെ പ്രത്യേകിച്ച് കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ചുള്ള ഡിബേറ്റുകൾ, ചർച്ചകൾ എന്നിവ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുക, കൂടാതെ കരാട്ടെ, തായ്കോണ്ട, കളരി തുടങ്ങിയ ആയോധനകലകൾ, സാംസ്കാരിക പ്രവർത്തകരുടെ സഹായത്തോടെയുള്ള നാടകം, ചൊൽക്കാഴ്ച തുടങ്ങിയവ സംഘടിപ്പിക്കുക, അതത് പ്രദേശങ്ങളിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന യുവജനസംഘടനകൾ, മാതൃകാപരമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടോ അല്ലാതെയോ വിവിധ കലാ-സാംസ്കാരിക പരിപാടികൾ ജനമൈത്രി യുവകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക, ഈ പരിപാടികളിലും കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനുതകുന്ന പരിപാടികൾ ഉൾക്കൊള്ളിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക, ഇതിലൊക്കെ തെരെഞ്ഞെടുക്കുന്ന മത്സരവിജയികൾക്ക് പ്രോത്സാഹനമായി സമ്മാന തുകകൾ, ട്രോഫികൾ എന്നിവ നൽകുക, ജനമൈത്രി സ്പോർട്സ് ക്ലബ്ബിലൂടെ നല്ല സ്പോർട്സ് ടീമുകൾ വളർത്തിയെടുക്കുക, 'ഭീകരതയ്ക്കെതിരെ യുവശക്തി',

(മറുപുറം)

'മദ്യത്തിനും മയക്കുമരുന്നിനുമെതിരെ യുവശക്തി' തുടങ്ങിയ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുക, സാമൂഹ്യവിരുദ്ധശക്തികൾക്കെതിരെ യുവാക്കളെ സംഘടിപ്പിച്ചു കൊണ്ട് കാവ്യസന്ധ്യ, ചൊൽക്കാഴ്ച, നാടകം തുടങ്ങിയവ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ജനമൈത്രി യുവകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ. ഇതുസംബന്ധിച്ച മാർഗ്ഗ നിർദ്ദേശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.182 07.07.2010-ൽ മറുപടിക്ക്.

പദ്ധതി പ്രവർത്തനങ്ങൾ വർഷാദ്യം ആരംഭിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.കെ.സി.ജോസഫ് | | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പുകളിലെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾസാമ്പത്തിക വർഷത്തിന്റെ ആദ്യം മുതൽ ആരംഭിക്കണമെന്ന സർക്കാർ നിർദ്ദേശം സംസ്ഥാനത്തെ എല്ലാതദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നടപ്പിലാക്കിയോ യെന്ന് അറിയിക്കുമോ; | (എ) | നടപ്പിലാക്കിയിട്ടില്ല. |
| (ബി) | ഇതനുസരിച്ച് സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് മാർച്ച് 31-ന് മുമ്പ് അവരുടെ വാർഷിക പദ്ധതിക്ക് ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതികളുടെ അനുമതി നേടിയത് എന്ന് വെളിപ്പെടുത്തുമോ; | (ബി) | 33 തദ്ദേശസ്ഥാപനങ്ങളാണ് മാർച്ച് 31-ന് മുമ്പ് അംഗീകാരം നേടിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ അനുവദിച്ച സമയം കഴിഞ്ഞ് മൂന്ന് മാസം കഴിഞ്ഞിട്ടും പദ്ധതി സമർപ്പിക്കാത്തഎത്ര തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളത് എന്നറിയിക്കുമോ; | (സി) | 2010 ജൂലൈ 3 വരെ 49 തദ്ദേശഭരണസ്ഥാപനങ്ങളാണ് പദ്ധതി സമർപ്പിക്കാൻ അവശേഷിക്കുന്നത്. *1174 തദ്ദേശഭരണസ്ഥാപനങ്ങൾ* പദ്ധതി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തേണ്ട വർഷം പദ്ധതി സമർപ്പണത്തിലെ കാലതാമസവും കൂടിയാകുമ്പോൾ ഈ സ്ഥാപനങ്ങളിലെ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിനിർവ്വഹണം അവതാളത്തിലാകും എന്ന വസ്തുത സർക്കാർ ഗൗരവപൂർവ്വം കാണുന്നുണ്ടോ; | | ഉണ്ട് |
| (ഇ) | ഈ പ്രതിസന്ധി തരണം ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് *വെളിപ്പെടുത്തുമോ?* | | 1. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി,പഞ്ചായത്ത് ഡയറക്ടർ എന്നിവർ ചേർന്ന് എല്ലാ ജില്ലകളിലും അവലോകന യോഗം നടത്തുകയുണ്ടായി.<br>2. നടപ്പുവർഷം മരാമത്ത് പ്രവൃത്തികളോടൊപ്പം എസ്റ്റിമേറ്റുകളും സമർപ്പിച്ചിട്ടുള്ളതു കാരണം എളുപ്പത്തിൽ സാങ്കേതികാനുമതി ലഭ്യമാക്കാൻ കഴിയും<br>3. വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയ ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ ഗ്രാമ/ വാർഡ് |

സഭകൾ കൂടുന്നതിനുള്ള ക്രമീകരണങ്ങൾ ആയിട്ടുണ്ട്.

4. എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്

5. പദ്ധതി നിർവഹണം കൃത്യമായി അവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 183 07.07.2010-ൽ മറുപടിക്ക്

## പോലീസിൽ വനിതാ ബറ്റാലിയൻ രൂപികരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീമതി പി. അയിഷാപോറ്റി<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ.എം.എം.മോനായി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസിൽ വനിതാ ബറ്റാലിയൻ രൂപികരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ ആസ്ഥാനം എവിടെയാണ് ; | (എ) ഉണ്ട് ; സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപികരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) തലവനായി ഒരു കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. കമ്മിറ്റി ഇത് സംബന്ധിച്ച ചർച്ചകൾ നടത്തിവരികയാണ്. |
| (ബി) പോലീസിൽ വനിതാ എസ്.ഐ.മാരെ നേരിട്ട് നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (ബി) 25.05.2009 ലെ GO (P) 65/2009/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വനിതകളെയും നേരിട്ട് പോലീസ് സബ് ഇൻസ്പെക്ടർമാരായി (ജനറൽ എക്സിക്യൂട്ടിവ് ബ്രാഞ്ച്) നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഇവരെ പുരുഷൻമാർക്കൊപ്പം പൊതു തെരഞ്ഞെടുപ്പിലൂടെയാണോ നിയമിക്കാൻ ഉദ്ദേശിക്കുന്നത് ; | (സി) ടി ഉത്തരവ് പ്രകാരം വനിതകളെ പുരുഷൻമാർക്കൊപ്പം പൊതു തെരഞ്ഞെടുപ്പിലൂടെയാണ് നിയമിക്കുന്നത്. ഇവർക്ക് ശാരീരിക യോഗ്യതകളിലും കായിക ക്ഷമതാ പരീക്ഷയിലും പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) ഇവരുടെ നിയമന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ ; | (ഡി) പുരുഷ വനിതാ ഉദ്യോഗാർത്ഥികൾക്ക് പൊതുവായി എഴുത്തുപരീക്ഷയും, കായിക ക്ഷമതാപരീക്ഷയും തുടർന്ന് അഭിമുഖവും നടത്തി തയ്യാറാക്കുന്ന റാങ്കുലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുക. |
| (ഇ) പോലീസ് സേനയിൽ ഇപ്പോൾ എത്ര ശതമാനം വനിതകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) നിലവിൽ ലോക്കൽ പോലീസിന്റെയും, ജില്ലാ ആംഡ് റിസർവ്വിന്റെയും, അംഗസംഖ്യയുടെ 8.62% വനിതാ പോലീസുകാരാണുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 184 07/07/2010-ൽ മറുപടിയ്ക്ക്

### ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ജോർജ് എം.തോമസ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഏതെല്ലാം ഭേദഗതികളാണ് സർക്കാർ കൊണ്ടു വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ താഴെ പറയുന്നു.<br>ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെയും ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെയും ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ജനന-മരണ രജിസ്റ്ററുകൾ കാലപ്പഴക്കം കൊണ്ട് നശിച്ചു പോകുന്ന സന്ദർഭത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതും ആയത് റവന്യൂ ഡിവിഷണൽ ആഫീസർ പരിഗണിക്കേണ്ടതുമാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജനന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഓൺലൈൻ സർട്ടിഫിക്കറ്റുകൾ പര്യാപ്തമാകുമോ; | (സി) | ഓൺലൈൻ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് പര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | രജിസ്റ്റർ ചെയ്ത ജനനതീയതിയിൽ പിന്നീട് മാറ്റം വരുത്താമോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | രജിസ്റ്റർ ചെയ്ത ജനന തീയതിയിൽ മാറ്റം വരുത്തുവാൻ കഴിയില്ല. |
| (ഇ) | സ്കൂൾ രേഖയിലും ജനന സർട്ടിഫിക്കറ്റിലും വ്യത്യസ്ത ജനനതീയതികൾ വന്നാൽ തിരുത്തുന്നതിനുള്ള സംവിധാനം എന്തെന്ന് വിശദമാക്കുമോ? | (ഇ) | സ്കൂൾരേഖയിലെ ജനന തീയതി അടിസ്ഥാനമാക്കി ജനന രജിസ്ട്രേഷനിലെ തീയതി മാറ്റാൻ കഴിയില്ല. എന്നാൽ ജനന സർട്ടിഫിക്കറ്റിലെ തീയതിയും സ്കൂൾ രേഖയിലെ തീയതിയും വ്യത്യാസമാണെങ്കിൽ ജനന സർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിൽ സ്കൂൾ രേഖയിലെ ജനന തീയതി തിരുത്തി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 185</u>

<u>07.07. 2010-ൽ മറുപടിയ്ക്ക്</u>

## <u>ഫിഷറീസ് സർവ്വകലാശാല കർമ്മ സമിതിയുടെ ശുപാർശകൾ</u>

<u>ചോദ്യം</u>

ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. പി. വിശ്വംഭരൻ
ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. കെ. അജിത്

<u>മറുപടി</u>

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഫിഷറീസ് സമുദ്ര ശാസ്ത്ര മേഖലയിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ടോ;

എ) കേരളത്തിലെ മത്സ്യമേഖലയുടെ അനന്തമായ സാദ്ധ്യതകളും ഈ മേഖലയുടെ പ്രത്യേകതകളും കണക്കിലെടുത്ത് കൊച്ചി പനങ്ങാട് ഫിഷറീസ് കോളേജ് ആസ്ഥാനമായി ഒരു ഫിഷറീസ് & ഓഷ്യൻ സയൻസസ് സർവ്വകലാശാല സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും തുടർനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ബി) ഈ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള കർമ്മ സമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു വെന്ന് വ്യക്തമാക്കുമോ;

ബി) ഉണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ താഴെ പറയുന്നു.

- നമ്മുടെ മത്സ്യമേഖലയുടെ അനന്തമായ സാധ്യതകളും, ഈ മേഖലയുടെ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട് ഇത്തരം ഒരു സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കാൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.
- കേരളത്തിന്റെ മത്സ്യ മേഖലയുടെ വിഭവശേഷി കണക്കിലെടുത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- ആഗോളവൽക്കരണത്തിന്റെ ഭാഗമായി മത്സ്യ മേഖലയിലെ മനുഷ്യവിഭവശേഷിയുടെ കുറവ് പരിഹരിക്കാൻ ശാസ്ത്രജ്ഞൻമാർക്കും ഗവേഷകർക്കും വിദഗ്ദ്ധ പരിശീലനം നൽകുക.
- അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ പഠനത്തിനും ഗവേഷണത്തിനും സംരംഭകത്വത്തിനുമായി മത്സ്യ മേഖലയിലേയ്ക്ക് ആകർഷിക്കുക.
- തൊഴിൽ കാംക്ഷികളെ അല്ല മറിച്ച് തൊഴിൽ ദാതാക്കളെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യമേഖലയിലെയും സമുദ്രശാസ്ത്ര മേഖലയിലെയും ഗവേഷണ-പഠന പ്രവർത്തനങ്ങൾ പുനർ നിർവ്വചിക്കുക.
- തീരദേശ മേഖല പരിപോഷിപ്പിക്കുന്നതിനും സ്ഥായിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനും ഊന്നൽ നൽകുക.
- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പനങ്ങാട് ഫിഷറീസ് കോളേജ് ഇതിന്റെ ന്യൂക്ലിയസായി പരിവർത്തനം ചെയ്യിക്കുക.

സി) ഈ സർവ്വകലാശാലയിലെ സീറ്റുകളിൽ മത്സ്യത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ടവർക്ക് സീറ്റ് സംവരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ?

സി) ഇക്കാര്യം പരിശോധിച്ചു തീരുമാനമെടുക്കുന്നതാണ്.

Girija Kumari
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.186

07.07.2010-ൽ മറുപടിയ്ക്ക്

## മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. ബി. രാഘവൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത് ; | എ. തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന എട്ടിനം പ്രവർത്തികളാണ് മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുമതി ഉള്ളത്. ഇവ ഇനി പറയുന്നവയാണ്.<br>(1). ജല സംരക്ഷണവും ജലകൊയ്ത്തും.<br>(2). വരൾച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, വനസംരക്ഷണവും മരം വച്ചു പിടിപ്പിക്കലും ഉൾപ്പെടെയുള്ളവ.<br>(3). ജലസേചന തോടുകൾ, ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ളവ.<br>(4). പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കളുടെ ഭൂമി, 5 ഏക്കർ വരെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമി എന്നിവയിൽ ജലസേചനം, ഭൂവികസനം, ഹോർട്ടികൾച്ചർ എന്നീ പ്രവൃത്തികൾ.<br>(5). കുളങ്ങൾ വൃത്തിയാക്കൽ, ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.<br>(6). ഭൂവികസനം.<br>(7). വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ.<br>(8). ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലാവസ്ഥയിലും ഉപയോഗ യോഗ്യമായ ഗതാഗത സൗകര്യം. |
| ബി. വിവിധ വികസന വകുപ്പുകളുടെ പ്രവർത്തനവുമായി തൊഴിലുറപ്പ് പദ്ധതിയെ സംയോജിപ്പിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ ; | ബി. തൊഴിലുറപ്പ് പദ്ധതി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ താഴെ കൊടുത്തിരിയ്ക്കുന്നു. |

(1) വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഹൈപവർ കൺവർജെൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ യോഗം ചേരുകയും കൃഷി, മണ്ണു സംരക്ഷണം, ജലസേചനം, വിദ്യാഭ്യാസം, വനം എന്നീ വകുപ്പുകളിലെ പദ്ധതികളുമായി സംയോജിപ്പിച്ച് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

(2) ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, പരിസ്ഥിതി പുന:സ്ഥാപനം എന്നീ ലക്ഷ്യങ്ങൾ കൈവരിയ്ക്കാൻ വിവിധ മേഖലകളിലെ പ്രവർത്തനം സമന്വയിപ്പിക്കാനായി താഴെപ്പറയുന്ന ജില്ലകളെ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്..

ജലസുരക്ഷ-തിരുവനന്തപുരം, പാലക്കാട്.
വനവൽക്കരണം-വയനാട്.
കൃഷി, ജലസുരക്ഷ-മലപ്പുറം

ഈ ജില്ലകളിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

(3) വനാതിർത്തിക്കുള്ളിൽ നടപ്പാക്കി വരുന്ന വനം വകുപ്പിന്റെ സ്കീമുകൾ തൊഴിലുറപ്പ് പദ്ധതിയുമായി സമന്വയിപ്പിച്ച് നടപ്പിലാക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രവർത്തികൾ ഏറ്റെടുത്ത് നടത്തി വരികയും ചെയ്യുന്നു.

(4) കൃഷി ഭൂമി കൃഷിയോഗ്യമാക്കി, ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഒറ്റത്തവണത്തേയ്ക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ അനുവാദം നൽകി. ഇതനുസരിച്ചുള്ള ഭൂവികസന പ്രവർത്തനങ്ങൾ പദ്ധതിയിൽ നടപ്പിലാക്കി വരുന്നു.

(5) വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഹരിത കേരളം പദ്ധതി നടപ്പിലാക്കി.

(6) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫാമുകളിൽ ഭൂവികസന ജലസേചന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ ഇത് സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി. | കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | സി. | കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.<br><br>(1) നീർത്തട വികസന മാസ്റ്റർപ്ളാനിന്റെ അടിസ്ഥാനത്തിൽ 5 ഏക്കർ വരെയുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ജലസേചനം, ഭൂവികസനം, ഹോർട്ടികൾച്ചർ എന്നീ പ്രവർത്തികൾ ഏറ്റെടുത്ത് വരുന്നു.<br>(2) 25 ദിവസത്തിലധികം മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് ലേബർ ബാങ്കുകൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലേബർ ബാങ്കുകളിലൂടെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(3) പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടേയും വകുപ്പ് സെക്രട്ടറിയുടേയും നേതൃത്വത്തിൽ ഗ്രാമ പഞ്ചായത്ത് പ്രതിനിധികളെ പങ്കെടുപ്പിച്ച് കൊണ്ട് ജില്ലാതല അവലോകനയോഗങ്ങൾ നടത്തി.<br>(4) അരുവിക്കര, മലമ്പുഴ, ചുള്ളിയാർ ഡാമുകളിലെ മണൽ വാരൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 187

07.07.2010-ൽ
മറുപടിയ്ക്കു്

## "ശബരിമല തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പിനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായുള്ള ഔദ്യോഗിക ധാരണ"

**ചോദ്യം**
**ശ്രീ.കെ.അച്ചുതൻ**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.അടൂർ പ്രകാശ്**

**ഉത്തരം**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പു മന്ത്രി.**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ശബരിമല തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പിനായി ദക്ഷിണേന്ത്യൻ സംസ്ഥാന സർക്കാരുകളുടെ സഹകരണവും സഹായവും തേടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ; | (എ) ശബരിമല തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി 15.10.2009 ന് ദക്ഷിണേന്ത്യൻ ദേവസ്വം മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും ഒരു യോഗം വിളിച്ചുചേർക്കുകയും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ശബരിമല വികസനത്തിനു തീർത്ഥാടനത്തിനും വേണ്ട പൂർണ്ണ പിന്തുണയും സഹകരണവും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി പ്രസ്തുത സർക്കാരുകളുമായി എന്തെങ്കിലും ഔദ്യോഗിക ധാരണകളുണ്ടാക്കിയിട്ടുണ്ടോ; | (ബി)<br>(സി)<br>(ഡി)<br>&<br>(ഇ) | ഔദ്യോഗിക ധാരണകളൊന്നും സർക്കാർ ഉണ്ടാക്കിയിട്ടില്ല. എന്നാൽ കർണ്ണാടക സർക്കാർ 5 കോടി രൂപ പ്രധാനമായും ശബരിമലയിൽ കർണ്ണാടകയിൽ നിന്നും എത്തുന്ന തീർത്ഥാടകരുടെ ക്ഷേമത്തിന് വിനിയോഗിക്കാനായി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതായി ദേവസ്വം ബോർഡിനെ അറിയിക്കുകയും ദേവസ്വം കമ്മീഷണർ കർണ്ണാടക ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തുകയും സ്വീകാര്യമായ പ്രൊപ്പോസൽ നൽകാമെന്ന് സമ്മതിക്കുകയും, കർണ്ണാടക സർക്കാർ റവന്യൂ സെക്രട്ടറി, കർണ്ണാടക ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് എന്റോവ്മെന്റ് ഡിപ്പാർട്ട്മെന്റ് കമ്മീഷണർ എന്നിവരെ കൂടുതൽ ചർച്ചയ്ക്കായി കേരളത്തിലേക്ക് ക്ഷണിച്ചിട്ടുണ്ടെന്നും, മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും ഇപ്രകാരം മുന്നോട്ടു വരുമെന്ന് പ്രതീക്ഷിക്കുന്നതായും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഏതൊക്കെ അയൽ സംസ്ഥാനങ്ങളുമായി എന്തൊക്കെ ഔദ്യോഗിക ധാരണകളുണ്ടാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ; | | |
| (ഡി) | ഇത്തരത്തിൽ രൂപം നൽകിയ ധാരണകൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കാനും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകാനും എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാന പ്രതിനിധികളടങ്ങുന്ന പ്രത്യേക സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | | |
| (ഇ) | ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ? | | |

Sulathara

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 188 — 7.7.2010 - ൽ മറുപടിക്ക്

## തീർപ്പാകാതെ കിടക്കുന്ന വിജിലൻസ് കേസുകൾ തീർപ്പാക്കാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹീദ് :<br>ശ്രീ.കെ.സി.ജോസഫ് :<br>ശ്രീ.ടി. എൻ.പ്രതാപൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പുമന്ത്രി. |
| (എ) സംസ്ഥാനത്ത് തീർപ്പാകാതെ കിടക്കുന്ന വിജിലൻസ് കേസുകൾ തീർപ്പാക്കാൻ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയ ശേഷം ഇക്കാര്യത്തിൽ എന്ത് പുരോഗതി കൈവരിക്കാനായിട്ടുണ്ട്; | (എ) തീർപ്പാകാതെ കിടക്കുന്ന വിജിലൻസ് കേസുകളുടെ തീർപ്പാക്കലിൽ വളരെയധികം പുരോഗതി കൈവരിയ്ക്കാനായിട്ടുണ്ട്. 2008 - ൽ 109 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 2009-ൽ 175 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) രണ്ടാംഘട്ട പ്രവർത്തനമെന്ന നിലയിൽ, ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) രണ്ടാംഘട്ട പ്രവർത്തനമെന്നനിലയിൽ എല്ലാ റെയ്ഞ്ച് പോലീസ് സൂപ്രണ്ടുമാരും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ ഒരു കൂടിയാലോചന എല്ലാ മാസവും നടത്തുകയും അതിൽ കേസുകളുടേയും അന്വേഷണങ്ങളുടെയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. |
| (സി) ടെലിഫോൺ വഴി വിജിലൻസിന് പരാതി നൽകാനുള്ള സംവിധാനം സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെയാണ് നിലവിലുള്ളത് ; | (സി) വിജിലൻസ് ഡയറക്ടറേറ്റിലും തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ മേഖലാ ഓഫീസുകളിലും, ടെലിഫോൺ മുഖേന പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| **(ഡി)** പ്രസ്തുത സംവിധാനം പുതിയ ഏതൊക്കെ സ്ഥലങ്ങളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | **(ഡി)** തീരുമാനിച്ചിട്ടില്ല. |
| **(ഇ)** വിജിലൻസ് കേസുമായി ബന്ധപ്പെട്ട കോടതി നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന്, എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശങ്ങളാണ് സർക്കാരിൻെറ പരിഗണനയിലുള്ളത് ? | **(ഇ)** കാല താമസം ഒഴിവാക്കുന്നതിനായി, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോട്ടയത്ത് പുതിയ ഒരു വിജിലൻസ് കോടതി അനുവദിച്ചു. കൂടുതൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 189</u>

<u>07.07. 2010-ൽ മറുപടിയ്ക്ക്</u>

## <u>മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്കായി പലിശരഹിത വായ്പാ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ.രാജൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ.അജിത് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്കായി പലിശരഹിത വായ്പാ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഉണ്ടെങ്കിൽ കഴിഞ്ഞ വർഷം ഈ ഇനത്തിൽ എത്ര തുക വിതരണം ചെയ്തു; ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചു; | ബി) 5000 രൂപ വീതം 2008-09 സാമ്പത്തിക വർഷം 10.22 കോടി രൂപയും, 2009-10 സാമ്പത്തിക വർഷം 4.85 കോടി രൂപയുമായി ആകെ 15.07 കോടി രൂപ വിതരണം ചെയ്തു. 30131 വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. |
| സി) ഇപ്പോൾ ഈ ഇനത്തിൽ നൽകുന്ന വായ്പ തുകയുടെ പരിധി എത്രയാണ്; ഏതെല്ലാം ഏജൻസികൾ മുഖാന്തിരമാണ് ഈ വായ്പ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) 1-ാം ഘട്ടം വായ്പയായി 5000 രൂപ വിതരണം ചെയ്യുന്നു. ടി തുക ഒരു വർഷത്തിനകം ക്രമമായി തിരിച്ചടയ്ക്കുന്നവർക്ക് 2-ാം ഘട്ടമായി 10,000 രൂപ വീതം. വിതരണം ചെയ്യുന്നതാണ്.<br>നിലവിൽ മത്സ്യഫെഡ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

Priya Kumari V.
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 190. 07.07.2010 ൽ മറുപടിയ്ക്ക്**

**തന്ത്രപ്രാധാന്യമുള്ള സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണത്തിന് പ്രത്യേക സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| (എ) സംസ്ഥാനത്തെ തന്ത്രപ്രാധാന്യമുള്ള സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണത്തിന്റെ മേൽനോട്ടത്തിനും, നടത്തിപ്പിനും ആയി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സുരക്ഷാക്രമീകരണം സംബന്ധിച്ച കേന്ദ്ര സുരക്ഷാ സേനയുടെ നിർദ്ദേശങ്ങളും സഹായങ്ങളും നടപ്പിലാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണുള്ളത്;<br><br>(സി) തന്ത്രപ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണപരിപാലനത്തെക്കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്? | (ബി) & (സി): തന്ത്രപ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, കേന്ദ്ര ആഭ്യന്തര വകുപ്പ് നിർദ്ദേശിച്ച പ്രകാരം സംസ്ഥാനതലത്തിൽ ഒരു സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 2 മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 191 | 07-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

**കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തെ സഹായിക്കാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തെ സഹായിക്കാൻ പുതിയ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) CrPC Sec.2 ഭേദഗതി വരുത്തുകയും 357 A എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തുകയും ചെയ്തതനുസരിച്ച് സംസ്ഥാന സർക്കാരുകൾ കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് ഇതിനായി പദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിഷ്കർഷിക്കുന്നു.<br>Sec.357 പ്രകാരമുള്ള നഷ്ടപരിഹാരം അനുയോജ്യമല്ലാതെ വരുകയോ പീഡനത്തിന് വിധേയരായവർക്ക് പുനരധിവാസം ആവശ്യമാണെങ്കിലോ, വിചാരണ നടക്കാത്തതും തെളിയിക്കപ്പെടാത്ത കേസുകളിലും കുറ്റവാളിയെ കണ്ടുപിടിക്കാൻ സാധിക്കാത്ത കേസുകളിൽ പോലും, പീഡനത്തിന് ഇരയായവരുടെ അഥവാ അവരുടെ ആശ്രിതരുടെ സ്റ്റേറ്റ്/ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് നൽകുന്ന അപേക്ഷയിന്മേൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) ഈ പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ;<br><br>(ഡി) ഈ പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;<br><br>(ഇ) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ? | (സി), (ഡി), (ഇ) പദ്ധതി ആവിഷ്കരിക്കപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ വ്യക്തതയുണ്ടാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നംപർ- 192 — 7/7/2010 -ൽ മറുപടിയ്ക്ക്.

## തൃശ്ശൂർ മേഖലയിൽ ജില്ലാ ജയിലിന്റെ അഭാവം

ചോദ്യം — ഉത്തരം

**ശ്രീ.സി.എം. ദിനേശ് മണി :** — **ശ്രീ. കോടിയേരി ബാലകൃഷ്ണൻ:**
**ശ്രീ. പി. ജയരാജൻ : (ബഹു: ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):**
**ശ്രീ. ആനത്തലവട്ടം ആനന്ദൻ :**
**ശ്രീ. സി.എച്ച് . കുഞ്ഞമ്പു:**

| | |
|---|---|
| (എ). ജയിലുകളിൽ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ). പുതിയ ജയിലുകൾ ആരംഭിച്ചു. നിലവിലുള്ള ജയിലുകളിൽ പുതിയ ബ്ലോക്കുകളും ബാരക്കുകളും നിർമ്മിച്ചു. സ്ത്രീ തടവുകാരുടെ അഭാവത്തിൽ അവർക്കായുള്ള സെല്ലുകളിൽ പുരുഷ തടവുകാരെ പാർപ്പിച്ചു. കേന്ദ്ര നിയമവകുപ്പുമന്ത്രി ശ്രീ. വീരപ്പ മൊയ്‌ലി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശപ്രകാരം കേസുകൾ എത്രയുംവേഗം വിചാരണയ്ക്ക് എടുക്കുന്നതിന് ന്യായാധിപന്മാരോട് അഭ്യർത്ഥിക്കുകയും തത്ഫലമായി വിചാരണത്തടവുകാരുടെ എണ്ണം നല്ലൊരളവിൽ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്തു. ബാഹുല്യം ഉള്ള ജയിലുകളിൽ നിന്നും ബാഹുല്യം കുറഞ്ഞ ജയിലുകളിലേക്ക് തടവുകാരെ മാറ്റി പാർപ്പിച്ചു. |
| (ബി). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി പ്രവർത്തനമാരംഭിച്ച ജയിലുകൾ ഏതെല്ലാമാണ്; | (ബി). സബ് ജയിൽ ചിറ്റൂർ, സബ് ജയിൽ,ഹോസ്ദുർഗ്, തുറന്ന ജയിൽ, ചീമേനി, വനിതാ ജയിൽ, കണ്ണൂർ, സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്, സബ് ജയിൽ, വിയ്യൂർ, സബ് ജയിൽ, മാനന്തവാടി |
| (സി). നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ജയിലുകൾ ഏതെല്ലാമാണ് ; | (സി). സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം, ജില്ലാ ജയിൽ എറണാകുളം |

| | |
|---|---|
| (ഡി). തൃശ്ശൂർ, എറണാകുളം , കോട്ട യം, ഇടുക്കി എന്ന ജില്ലകൾ ഉൾപ്പെടുന്ന തൃശ്ശൂർ മേഖലയിൽ , ജില്ലാ ജയിൽ ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി). ഉണ്ട് |
| (ഇ. ) കാക്കനാട് നിർമ്മാണം പൂർത്തിയായിവരുന്ന ജയിൽ, ജില്ലാ ജയിലായി തറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ ). സ്വീകരിക്കുന്നതാണ് |
| (എഫ് ). സംസ്ഥാനത്തെ സബ്ജയിലുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ; ഇതു പരിഷ് ക്കരിക്കുന്നതിനും ഏകീകൃത സ്റ്റാഫ് പാറ്റേൺ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്). 2008 വരെ നിലവിലുള്ള സബ് ജയിലുകളിലെ സ് റ്റാഫ് പാറ്റേൺ :<br><br>സൂപ്രണ്ട് (അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1 കേഡർ) -1<br>ഹെഡ് വാർഡർ- 3<br>വാർഡർ - 6/8<br>2008 നു ശേഷം ആരംഭിച്ച സബ് ജയിലുകളിലെ സ് റ്റാഫ് പാറ്റേൺ<br><br>അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1( സൂപ്രണ്ട്) -1<br>അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 -2<br>ഹെഡ് വാഡർ - 5<br>വാർഡർ- 15<br>ഫീമെയിൽ വാർഡർ -3<br>വാർഡർ ഡ്രൈവർ - 2<br>സബ് ജയിലിലെ സ് റ്റാഫ് പാറ്റേൺ പരിഷ് ക്കരിക്കുന്നതിനും ഏകീകൃത സ് റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശം പരിശോധനയിലാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.193 — 7-7-2010-ന് മറുപടിക്ക്

സുസ്ഥിര നഗര വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | എ) 1420.20 കോടി രൂപയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ അടങ്കൽ തുക. |
| ബി) പ്രസ്തുത പദ്ധതിയ്ക്ക് സാമ്പത്തിക സഹായം നൽകുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ; | ബി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കാണ് കേരള സുസ്ഥിര നഗര വികസന പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നത്. |
| സി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കി തുടങ്ങിയെന്ന് അറിയിക്കുമോ; | സി) 2007-2008 സാമ്പത്തിക വർഷം മുതലാണ് പദ്ധതി നടപ്പാക്കി തുടങ്ങിയത്. |
| ഡി) കരാർ പ്രകാരം പ്രസ്തുത പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾ ചെയ്തു തീർക്കേണ്ടത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ; | ഡി) കരാർ പ്രകാരം 2012 ജൂൺ മാസത്തോടെയാണ് ഈ പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കേണ്ടത്. |
| ഇ) പ്രസ്തുത പരിപാടിയനുസരിച്ച് 2010 മാർച്ച് 31 വരെ എന്തു തുക ചെലവഴിക്കേണ്ടിയിരുന്നു; ഈ കാലയളവിൽ എന്ത് തുക യഥാർത്ഥത്തിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | ഇ) എ.ഡി.ബി.യുമായുള്ള കരാർ പ്രകാരം 2012 ജൂൺ മാസത്തോടെയാണ് മൊത്തം വായ്പാ തുകയും ചെലവഴിക്കേണ്ടത്. 2010 മാർച്ച് 31 വരെ മൊത്തം 196.77 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഇതോടൊപ്പം 305.28 കോടി രൂപയുടെ 38 |

പ്രോജക്ടുകൾക്കുള്ള ടെണ്ടർ പൂർത്തീകരിക്കുകയും ആയതിന്റെ പണി തുടർന്നു വരികയും ചെയ്യുന്നു.

എല്ലാ നാലുമാസം കൂടുമ്പോഴും എ.ഡി.ബിയും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പങ്കെടുക്കുന്ന **TPRM** (ട്രൈലാർട്ടിയേറ്റ് മീറ്റിംഗ്) കൂടുകയും, പ്രസ്തുത യോഗത്തിൽ അതത് വർഷങ്ങളിൽ തുടങ്ങേണ്ട പ്രവൃത്തികളും ചെലവഴിക്കേണ്ട തുകയും നിശ്ചയിക്കാറുമുണ്ട്. 2010 ജനുവരി മുതൽ 2010 ഡിസംബർ വരെ 162 കോടി രൂപയുടെ പ്രവർത്തികൾ ആരംഭിക്കണമെന്നും 148.5 കോടി രൂപ ചെലവഴിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 194      7/7/2010 – ൽ മറുപടിയ്ക്ക്

## കൗണ്ടർ ഇൻസർജൻസി കമാണ്ടോ യൂണിറ്റ്

ചോദ്യം      മറുപടി

ശ്രീ. കെ. ശിവദാസൻ നായർ      ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് കൗണ്ടർ ഇൻസർജൻസി കമാണ്ടോ യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) ഉണ്ടെങ്കിൽ ഈ യൂണിറ്റ് എന്നു മുതലാണ് പ്രവർത്തനസജ്ജമാകുന്നത്; | (ബി) യും (സി) യും : ബാധകമല്ല. |
| (സി) പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ ; | |
| (ഡി) എൻ. എസ്. ജി. ഹബ് കേരളത്തിൽ തുടങ്ങാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ? | (ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

81/

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 195 07-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## സ്വകാര്യ സുരക്ഷാ ഏജൻസികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ : | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ സുരക്ഷാ ഏജൻസികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ സ്വകാര്യ സുരക്ഷാ ഏജൻസികളുടെ പ്രവർത്തനം ക്രമപ്പെടുത്താൻ കേന്ദ്രസർക്കാർ കൊണ്ടുവന്ന സ്വകാര്യ സുരക്ഷാ ഏജൻസികൾ (ക്രമീകരണം) നിയമം 2005 -ൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സെക്യൂരിറ്റി ഗാർഡായി നിയമിക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനവും യോഗ്യതകളും നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി),<br>(സി) | ചട്ടങ്ങളിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) വിവിധ സ്ഥാപനങ്ങളിലെ സെക്യൂരിറ്റി ഗാർഡുകളുടെ നിയമനം സംബന്ധിച്ച വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നൽകാൻ വ്യവസ്ഥ ചെയ്യുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 196

07.07.2010-ൽ മറുപടിയ്ക്ക്

മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.കാർത്തികേയൻ<br>ശ്രീ.എം.മുരളി<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ടൂറിസം വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ എന്നീ നഗരസഭകളും എറണാകുളം ജില്ലയിലെ ചേന്ദമംഗലം, ചിറ്റാറ്റിൻകര, വടക്കേക്കര, പള്ളിപ്പുറം എന്നീ ഗ്രാമ പഞ്ചായത്തുകളും, തൃശ്ശൂർ ജില്ലയിലെ മതിലകം, എസ്.എൻ.പുരം, ഏറിയാട്, മേത്തല എന്നീ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെട്ട പ്രദേശങ്ങളിലെ പൈതൃക സ്ഥലങ്ങളിൽ ഖനനം, പദ്ധതി പ്രദേശങ്ങളിലുള്ള ചരിത്രസ്മാരകങ്ങളുടെ പുന:സൃഷ്ടി , പ്രാചീന കലകളെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമുള്ള മ്യൂസിയം സ്ഥാപിക്കൽ, പദ്ധതി പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി റോഡുകൾ, ജലപാതകൾ, ബോട്ടുജെട്ടികൾ എന്നിവ വികസിപ്പിക്കൽ , കുടിവെള്ളം , ഫെസിലിറ്റേഷൻ/ ഇന്റർപ്രെറ്റേഷൻ കേന്ദ്രങ്ങൾ, പാർക്കിംഗ് ഏരിയ, ടോയിലറ്റ് ബ്ലോക്കുകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയവയാണ് പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ടൂറിസം വകുപ്പിനു പുറമേ മറ്റേതൊക്കെ ഏജൻസികളുടെ സഹകരണമാണ് ഈ പദ്ധതി നടത്തിപ്പിന് പ്രതീക്ഷിക്കുന്നത്; | ബി) | പുരാവസ്തു, നഗരകാര്യം, ജലസേചനം, ഉന്നത വിദ്യാഭ്യാസം, പൊതുമരാമത്ത് , തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടേയും ഇൻഫർമേഷൻ കേരളാമിഷൻ, കേരളാ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസേർച്ച് , എറണാകുളം തൃശ്ശൂർ ജില്ലാ ഭരണകൂടങ്ങൾ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ മുതലായവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (സി) | പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | സി) | ആദ്യഘട്ടം 2010 ഡിസംബറിലും, പദ്ധതി പൂർണമായി മൂന്നു വർഷത്തിനകവും പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു. |
| (ഡി) | ടൂറിസം മേഖലയിൽ ഈ പദ്ധതിപ്രകാരം എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വിശദീകരിക്കുമോ? | ഡി) | പദ്ധതി പൂർത്തിയായതിനുശേഷം മാത്രമേ ടൂറിസം മേഖലയിൽ ഈ പദ്ധതി പ്രകാരം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്താനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 197</u> — <u>07.07. 2010-ൽ മറുപടിക്ക്</u>

## കടബാദ്ധ്യതയിൽ അകപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്ത് കടുത്ത സാമ്പത്തിക ബാദ്ധ്യതയിൽ അകപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ നിസ്സഹായാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) ഉണ്ട്. കടബാദ്ധ്യത മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും മറ്റുമായി 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് പ്രകാരം സർക്കാർ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിച്ചിട്ടുണ്ട്.<br><br>കമ്മീഷനിൽ ലഭിച്ച 109690 അപേക്ഷകൾ കമ്മീഷൻ പരിശോധിച്ചുവരികയാണ്. മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി പ്രകാരം 9891 ഗുണഭോക്താക്കളുടെ 11,82,60,000 (പതിനൊന്ന് കോടി എൺപത്തി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ) രൂപയുടെ ഋണബാദ്ധ്യതയും എൻ.സി.ഡി.സി ഇനത്തിലുള്ള 48355 മത്സ്യത്തൊഴിലാളികളുടെ 115,03,49,024 (നൂറ്റി പതിനഞ്ച് കോടി മൂന്ന് ലക്ഷത്തി നാൽപത്തി ഒമ്പതിനായിരത്തി ഇരുപത്തി നാല് രൂപ) രൂപയുടെ ഋണബാദ്ധ്യതയും കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 58246 മത്സ്യത്തൊഴിലാളികൾക്ക് 126,86,09,024 (നൂറ്റി ഇരുപത്തിയാറ് കോടി എൺപത്തി ആറ് ലക്ഷത്തി ഒമ്പതിനായിരത്തി ഇരുപത്തിനാല് രൂപ ) രൂപയുടെ കടാശ്വാസം സർക്കാർ ഇതിനകം നൽകിക്കഴിഞ്ഞു. |

| | |
|---|---|
| ബി) ഇപ്രകാരം സാമ്പത്തിക ബാദ്ധ്യതയിൽപ്പെട്ടിട്ടുള്ള എത്ര കുടുംബങ്ങളുണ്ടെന്നും ഇവർക്ക് ആകെ എത്ര തുകയുടെ കടബാദ്ധ്യതയാണ് ഉള്ളതെന്നും അറിയിക്കുമോ; | ബി) കടാശ്വാസ കമ്മീഷനിൽ 1,09,890 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എത്ര കുടുംബങ്ങൾ കടബാദ്ധ്യതക്കാരാണെന്ന് മുഴുവൻ അപേക്ഷകളും പരിശോധിച്ചതിനു ശേഷമേ വ്യക്തമാകൂ. |
| സി) കടബാദ്ധ്യതയിൽ അകപ്പെട്ട നിർദ്ധനരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ കടങ്ങൾ എഴുതി തള്ളാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) ഹഡ്കോ വായ്പ ഇനത്തിലുള്ള 11,82,60,000 രൂപയും ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) വായ്പ ഇനത്തിലുള്ള 115,03,49,024 രൂപയും ചേർത്ത് 126,86,09,024 രൂപ എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ട്. ഇതിന് പുറമെ സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി സുനാമി ബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്നതിന് 15 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br>ജില്ലാ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളുമായി ബന്ധപ്പെട്ടുള്ള വായ്പാ കുടിശ്ശികയുടെ യഥാർത്ഥ അവസ്ഥ, ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ അറിയുന്നതിനുള്ള സിറ്റിംഗുകളും തെളിവെടുപ്പും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ദ്രുതഗതിയിൽ നടത്തിവരികയാണ്. ഇതിനുശേഷം വാണിജ്യ ബാങ്കുകളുടെയും ദേശസാൽകൃത ബാങ്കുകളുടെയും മറ്റും ഋണസംഖ്യയുടെ ആധികാരികത പരിശോധിച്ച് യഥാർത്ഥ സംഖ്യ അറിയുന്നതിനുള്ള നടപടികളും മുന്നോട്ടു പോകുന്നുണ്ട്. |

Sreeja Kumari V.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 198

07.07. 2010-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ കിറ്റുകളും അപകട ഇൻഷ്വറൻസും

ചോദ്യം

മറുപടി

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സുരക്ഷാ കിറ്റുകൾ നൽകുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

എ) സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവ ഉപയോഗിച്ച് 7262 പരമ്പരാഗത യാന ഉടമകൾക്കാണ് സുരക്ഷാ കിറ്റ് നൽകുന്നത്. പുറം കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച യാനങ്ങൾക്കാണ് കിറ്റുകൾ നൽകുന്നതിന് മുൻഗണന.

ബി) സുരക്ഷാ കിറ്റിൽ എന്തെല്ലാം ഉപകരണങ്ങളും സംവിധാനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

ബി) സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, ലൈഫ് ബോയ്, ഹീലിയോഗ്രാഫ്, സർവൈവൽ റേഷൻ, റഡാർ റിഫ്ലക്ടർ, കോമ്പസ്, എമർജൻസി ഫ്ലാഷ് ലൈറ്റ്, ജാക്ക് നൈഫ്, ഫസ്റ്റ് എയ്ഡ് കിറ്റ്, കന്നാസ് എന്നിവ സുരക്ഷാ കിറ്റിൽ ഉൾപ്പെടുന്നു.

സി) ഏത് വള്ളങ്ങൾക്കാണ് സുരക്ഷാ കിറ്റ് നൽകുന്നത്;

സി) ആദ്യഘട്ടമായി 7262 പരമ്പരാഗത യാനങ്ങൾക്കാണ് സുരക്ഷാ കിറ്റ് നൽകുന്നത്. രജിസ്റ്റർ ചെയ്ത മുഴുവൻ യാനങ്ങൾക്കും സുരക്ഷാ കിറ്റുകൾ നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം .

ഡി) ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

ഡി) ആദ്യഘട്ടത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച മാനദണ്ഡം താഴെ പറയുന്നു.

1. അപേക്ഷകർ കേരളത്തിൽ സുനാമി ബാധിതമെന്ന് സർക്കാർ വിജ്ഞാപനം ചെയ്ത ഏതെങ്കിലും റവന്യൂ വില്ലേജിൽ നിന്നും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരായിരിക്കണം.
2. മത്സ്യത്തൊഴിലാളിയായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉണ്ടായിരിക്കണം.
3. അപേക്ഷകന് സ്വന്തമായുള്ള മത്സ്യബന്ധന യാനം, മോട്ടോർ മാത്രം ഘടിപ്പിച്ച യാനമായി കെ.എം.എഫ്.ആർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യതായിരിക്കണം.
4. അപേക്ഷകൻ കടൽ സുരക്ഷ സംബന്ധിച്ച് ട്രെയിനിങ്ങിൽ പങ്കെടുക്കാൻ സന്നദ്ധനായിരിക്കണം.
5. 1-1-09 ൽ പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കണം.

ഇ) പദ്ധതിയുടെ ഭാഗമായി അത്യാധുനിക സംവിധാനമുള്ള സുരക്ഷാ ബോട്ടുകൾ സജ്ജീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ഇ) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുന്ന 'കടൽ സുരക്ഷാ പദ്ധതി' യുടെ ഭാഗമായി അത്യാധുനിക സംവിധാനമുള്ള 5 റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി 3 റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

എഫ്) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

എഫ്) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന വിധം ധനസഹായം നൽകുന്നു:

| | |
|---|---|
| 1. അപകടമരണം, മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ, മത്സ്യബന്ധന വേളയിൽ ഹൃദയാഘാതം മൂലം മരണം അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് | 2,00,000/-രൂപ |
| 2. അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് | 1,00,000/- രൂപ |
| 3. അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | ഒരു കുട്ടിക്ക് 5000/- രൂപ മുതൽ പരമാവധി 10,000/-രൂപ |
| 4. ശവസംസ്കാര ചടങ്ങിന് ധനസഹായം | പരമാവധി 2000/- രൂപ |
| 5. അപകടം മൂലം അവയവങ്ങൾക്ക് ഭാഗികമായ നാശനഷ്ടം സംഭവിക്കുമ്പോൾ | 2000 രൂപ മുതൽ പരമാവധി 50,000/-രൂപ |
| 6. അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ചികിത്സാ ധനസഹായം | പരമാവധി 20,000/- രൂപ |
| 7. മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യക്ക് നൽകുന്ന പെൻഷൻ (വിധവാ പെൻഷൻ) പ്രതിമാസം | 250/- രൂപ (മറ്റ് പെൻഷനുകൾക്ക് സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിൽ) 4/10 മുതൽ 300/- രൂപ |

ജി) മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജി) ഉണ്ട്. 1 ലക്ഷം രൂപയായിരുന്നത് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

Pushpa Kumari

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 199.      07-07-2010-ൽ മറുപടിക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി, തോട്, കുളം എന്നിവ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി, തോട്, കുളം എന്നിവ കയ്യേറ്റംമൂലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി, തോട്, കുളം എന്നിവ സംരക്ഷിക്കുന്നതിൽ ചില സ്ഥലങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇവയുടെ സംരക്ഷണത്തിനായി ഊർജ്ജിത നടപടി സ്വീകരിക്കുമോ ;<br><br>(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള എല്ലാ സ്ഥലങ്ങളും വേലി കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈമാറി കിട്ടിയതുൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും ഭൂമി കയ്യേറ്റം തടയുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി, കുളം എന്നിവയുടെ വിസ്തീർണ്ണം കൃത്യമായി നിർണ്ണയിച്ചും അതിർത്തി വേർതിരിച്ച് സംരക്ഷണ വേലി കെട്ടി സംരക്ഷിക്കുന്നതിനും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) എല്ലാ തദ്ദേശ സ്ഥാപനവും അതിന്റെ അധീനതയിലുള്ള ഭൂമി സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ അധീനതയിലുള്ള ഭൂമി സംബന്ധിച്ച് പ്രത്യേക ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 200 — 7/7/2010 -ൽ മറുപടിയ്ക്ക്.

## കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗികരണ സേവനങ്ങളും നിയമം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം — ഉത്തരം

പ്രൊഫ.സി. രവീന്ദ്രനാഥ് :
ശ്രീ. വി.ശശികുമാർ :
ശ്രീമതി. കെ.കെ. ലതിക
ശ്രീ. എ. പ്രദീപ് കുമാർ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ബഹു: ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗികരണ സേവനങ്ങളും (നിർവ്വഹണം) നിയമം നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) യും (ബി) യും .<br><br>2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗികരണ സേവനങ്ങളും (നിർവ്വഹണം) നിയമം 14/5/2010 ന് സർക്കാർ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള ജയിൽ ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ല. പുതിയ ജയിൽ ചട്ടങ്ങൾ നിർമ്മിച്ചാൽ മാത്രമേ ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജയിൽ ചട്ടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിക്കാൻ ജയിൽ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി). പുതിയ നിമത്തിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | |
| (സി). തടവുകാർക്ക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി). പുതിയ നിയമപ്രകാരം വിവിധ വിഭാഗം തടവുകാരെ ജയിലുകളിൽ തരംതിരിച്ച് പാർപ്പിക്കുന്നതിനും അവരെ കുറ്റവാസനകളിൽനിന്നും,സ്വഭാവദൂഷ്യങ്ങളിൽനിന്നും മുക്തരാക്കുവാൻ ഉതകുന്ന പരിചരണവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തടവുകാർക്ക് തൊഴിൽ നൽകുന്നതിനും തടവുകാരുടെ വിദ്യാഭ്യാസം, ആഹാരം , സാന്മാർഗ്ഗികരമായ ബോധനം , വിനോദം, ക്ഷേമനിധി, ശിക്ഷാകാലാവധിയ്ക്ക് ശേഷമുള്ള പുനരധിവാസം തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി). തടവുകാർക്കുള്ള ക്ഷേമനിധി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (ഡി)ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.201.

7/7/2010-ൽ മറുപടിക്ക്

## ഓംബുഡ്സ്മാന്റെ മുന്നിലെത്തുന്ന കേസുകളുടെ എണ്ണം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൽഫോൺസ് കണ്ണന്താനം;<br>ശ്രീ.കെ.കെ.ദിവാകരൻ;<br>ശ്രീ.ജോർജ് എം.തോമസ്;<br>ശ്രീ.പി.ടി.എം.റഹീം. | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ മുന്നിലെത്തുന്ന കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതു പരിശോധിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (ബി) ഓംബുഡ്സ്മാൻ മുമ്പാകെ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമം വളരെ ലളിതമായതിനാൽ ഈ സംവിധാനം ദുരുപയോഗം ചെയ്യുന്ന പ്രവണത അടുത്തിടെയായികൂടി വരുന്നുണ്ട്. അനാവശ്യമായ ഫയലിംഗ് ഒഴിവാക്കുന്നതിനായി വക്കാലത്തില്ലാത്ത ബി.പി.എൽ വിഭാഗത്തിനൊഴികെ മറ്റു വിഭാഗങ്ങൾക്ക് കേസ് ഫയൽ ചെയ്യുന്നതിന് കാലാനുസൃതമായ ഫീസ് ഏർപ്പെടുത്തുന്നത് മുതലായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട് ഇവ പരിശോധിച്ച് വരുന്നുണ്ട്. |
| (സി) സംസ്ഥാനത്തെ മൂന്നു മേഖലകളായി തിരിച്ച് ഓരോ ഓംബുഡ്സ്മാരുടെ പരിധിയിൽ കൊണ്ടുവരുന്നത് കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സഹായകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഓംബുഡ്സ്മാൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി മധ്യമേഖയ്ക്കും, ഉത്തരമേഖലയ്ക്കുമായി രണ്ട് ഓംബുഡ്സ്മാൻ മാരെക്കൂടി നിയമിക്കണമെന്ന ശുപാർശ ബഹു.ഓംബുഡ്സ്മാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | 2008-09, 2009-10 വർഷങ്ങളിൽ എത്ര കേസുകൾ ഓംബുഡ്സ്മാന്റെ മുന്നിൽ എത്തിയെന്നും അവയിൽ എത്രയെണ്ണം തീർപ്പുകല്പിച്ചെന്നും വ്യക്തമാക്കുമോ? | (ഡി) | 2008-09 വർഷത്തിൽ (1/4/2008 മുതൽ 31/3/2009 വരെ) 1454 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. മുൻ വർഷങ്ങളിൽ തീർപ്പാകാതിരുന്ന 881 കേസുകൾ ഉൾപ്പെടെ ആകെ 2335 കേസുകൾ ഇപ്രകാരം പരിഗണനയ്ക്കുവന്നു. ഇതിൽ 1199 കേസുകൾ തൻവർഷം തീർപ്പാക്കുകയുണ്ടായി.<br>2009-10 വർഷത്തിൽ (1/4/2009 മുതൽ 31/3/2010 വരെ) 2045 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി (1989 ഒ.പികളും 56 സുവോ-മോട്ടോ കേസുകളും). മുൻവർഷങ്ങളിൽ തീർപ്പാകാൻ ബാക്കിയുണ്ടായിരുന്ന 1136 കേസുകൾ ഉൾപ്പെടെ മൊത്തം 3181 കേസുകൾ ഇപ്രകാരം പരിഗണനയ്ക്കുവന്നു. ഇതിൽ 1412 കേസുകൾ തൻവർഷം തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 202</u> 07-07-<u>2010-ന് വാങ്മൂലം മറുപടിയ്ക്ക്</u>

**<u>പോലീസ് , ഫയർ ആന്റ് റെസ്ക്യൂ വകുപ്പുകളിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. ആർ സെൽവരാജ് :<br>ശ്രീ. എം. എം. മോനായി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

(എ) പോലീസ് , ഫയർ ആന്റ് റെസ്ക്യൂ വകുപ്പുകളിലെ ജീവനക്കാർക്ക്, ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെ തുടർന്നുണ്ടാകുന്ന ചികിത്സക്കും മറ്റു സഹായങ്ങൾക്കുമായി പ്രത്യേക നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) പദ്ധതിയ്ക്കായി സർക്കാർ എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

(എ), (ബി), (സി), (ഡി) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്കായി "ഡ്യൂട്ടി ഹസാർഡ്സ് വിക്ടിംസ് റിലീഫ് ഫണ്ട് " എന്ന പേരിൽ ഒരു സഹായനിധി രൂപീകരിക്കാനുള്ള കരട് നിർദ്ദേശം പരിഗണനയിലുണ്ട്. പോലീസുദ്യോഗസ്ഥൻമാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെ തുടർന്നുള്ള ചികിത്സയ്ക്കായിട്ടാണ് ഈ സഹായനിധിയിൽനിന്നും സഹായം ചെയ്യാൻ കരട് രേഖയിൽ ശുപാർശ ചെയ്യുന്നത്. പോലീസ് സേനാംഗങ്ങളെ കൂടാതെ എക്സൈസ്/ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് എന്നീ വകുപ്പുകളിലെ സേനാംഗങ്ങളെക്കൂടി ഈ സഹായനിധിയിൽ അംഗങ്ങളാക്കുന്ന കാര്യം പരിഗണനയിലുണ്ട് . പദ്ധതി അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കുവാനും അതിനനുസൃതമായി തുക വകയിരുത്തുവാനും കഴിയൂ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.203 | 7-7-2010-ന് മറുപടിക്ക്

**പ്ലാസ്റ്റിക് സംസ്ക്കരണത്തിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.എ.കെ.ചന്ദ്രൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് സംസ്ക്കരണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്ത് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് സംസ്കരണത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കൊച്ചി നഗരസഭയും കേരളാ ബിൽഡേഴ്സ് ഫോറവുമായി സഹകരിച്ച് എറണാകുളത്തെ രവിപുരത്ത് ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ 12.25 ലക്ഷം രൂപ മൂലധന ചെലവിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഒറ്റപ്പാലം നഗരസഭയിൽ ഒരു പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ചുവരുന്നു. പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്രോത്സാഹിപ്പിക്കുന്നതിന ലക്ഷ്യമിട്ട് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുന്നതിനായി ഏകദേശം 10 ലക്ഷം രൂപയും, ജില്ലാതലത്തിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഏകദേശം 18 ലക്ഷം രൂപ മൂലധന ചെലവ് പ്രതീക്ഷിക്കുന്നു. പ്രൊസസ്സിംഗ് യൂണിറ്റ് സ്ഥാപിച്ച് |

പ്ലാസ്റ്റിക് വസ്തുക്കൾ പൊടിക്കുന്നത് റീസൈക്ലിംഗ് യൂണിറ്റിലേക്ക് കൊണ്ടു പോകാനും കൈകാര്യം ചെയ്യാനും സൗകര്യമാകും. .പലപ്പോഴും പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിലേക്കുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജാണ് പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായ ത്തിന് സാമ്പത്തികമായി വിഘാത മായി വരുന്നത്. ഈ പോരായ്മ പരിഹരിക്കാൻ മേൽ രീതിയിലുള്ള നടപടി സഹായിക്കുമെന്നാണ് കരുതുന്നത്.

...യോഗശൂന്യമായ പ്ലാസ്റ്റിക്കുകൾ ...രിക്കുന്നതിനും സംസ്ക്കരിക്കുന്ന ...ം എന്തെങ്കിലും സംവിധാനങ്ങൾ ...പ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; ...ൽ പ്രസ്തുത സംവിധാനങ്ങൾ ...തല്ലാമാണെന്ന് വ്യക്തമാക്കുമോ;

ബി) ഉണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിലോ ബ്ലോക്ക് പഞ്ചായത്ത് തലത്തിലോ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി റിസോഴ്സ് റിക്കവറി സെന്ററുകൾ (ആർ.ആർ.സി) സ്ഥാപക്കുന്നതിന് ഉദ്ദേശമുണ്ട്. ഇപ്രകാരം സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി സെന്ററുകളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവവസ്തുക്കൾ സംഭരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീയേയോ സ്വയം സഹായ സംഘങ്ങളേയോ ഉപയോഗപ്പെടുത്തി വീടുകളിൽ നിന്നും മറ്റ് ഉറവിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സംഭരിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. റിസോഴ്സ് റിക്കവറി സെന്ററുകളിൽ പ്ലാസ്റ്റിക് ഷ്രെഡ്ചെയ്ത് സൂക്ഷിക്കുന്നതിനും അവ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് കൈമാറാനുമാണ് ഉദ്ദേശിക്കുന്നത്. 2010-2011 സാമ്പത്തിക വർഷത്തിൽ 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 5 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം ശുചിത്വമിഷനിൽ നിന്നും

നൽകി മോഡൽ റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റിസോഴ്സ് റിക്കവറി സെന്ററുകൾ ഏത് തദ്ദേശ സ്വയംഭരണ തലത്തിൽ സ്ഥാപിക്കണം എന്ന് തീരുമാനിക്കാനും, അവയെ സാമ്പത്തികമായും സാമൂഹ്യമായും സുസ്ഥിരമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ശുപാർശകൾ നൽകുന്നതിനുമായി ഒരു ഹ്രസ്വ കാലപഠനം ഈ മേഖലയിൽ പരിചയമുള്ള സർക്കാരിതര ഏജൻസിയെക്കൊണ്ട് നടത്തുവാനുള്ള നടപടി ശുചിത്വ മിഷൻ കൈക്കൊണ്ടിട്ടുണ്ട്.

സി) ...തരത്തിലുണ്ടാകുന്ന പ്ലാസ്റ്റിക് ...ാടി വിറ്റഴിക്കാനുദ്ദേശിക്കുന്നുണ്ടോ; ...ങ്കിൽ അതിനുള്ള എന്തെല്ലാം ...വിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് ...ളിപ്പെടുത്തുമോ?

റിസോഴ്സ് റിക്കവറി സെന്ററുകളിൽ പ്ലാസ്റ്റിക് പൊടിച്ചുകഴിഞ്ഞാൽ അവ റീ സൈക്ലിംഗ് യൂണിറ്റുകൾക്ക് വിൽക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. റിസോഴ്സ് റിക്കവറി സെന്ററുകൾ നടത്തുന്നതിനും, കുടുംബശ്രീ, സ്വയംസഹായസംഘങ്ങളുടെ പ്രവർത്തി പരിപാലന ചെലവിനും ഇതിൽ നിന്നുള്ള വരുമാനം ഉപയുക്തമാക്കാനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 204

07.07.2010-ൽ
മറുപടിയ്ക്കു്

## "ശബരിമല വികസനത്തിനുള്ള കർമ്മപദ്ധതി"

ചോദ്യം
ശ്രീ.കെ.ബാബു
ശ്രീ.ജി.കാർത്തികേയൻ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.അടൂർ പ്രകാശ്

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ശബരിമല വികസനത്തിന്റെ മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കാനുള്ള കർമ്മ പദ്ധതി പൂർണ്ണമായി തയ്യാറാക്കികഴിഞ്ഞുവോ;

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ പൊതുവായ ഉത്തരവാദിത്തം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണെങ്കിലും കേരള ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാരസമിതിയാണ് ഇപ്പോൾ മാസ്റ്റർ പ്ലാൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ മാസ്റ്റർ പ്ലാനിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി Detailed Layout Plans തയ്യാറാക്കാനായി പ്രമുഖ ആർക്കിടെക്ചു ഗ്രൂപ്പുകളെ ഏൽപ്പിച്ചിട്ടുണ്ട്. റോപ്പ്വേയുടെ നിർമ്മാണത്തെപ്പറ്റി പഠിക്കാനായി RITES എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെയും ഏൽപ്പിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത കർമ്മ പദ്ധതി എന്നാണ് അംഗീകരിച്ചത്;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ 03.05.2007 ലെ ജി.ഒ (എം.എസ്)146/07/ആർ.ഡി മുഖേന അംഗീകരിച്ചു.

(സി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കർമ്മ പദ്ധതിയുടെ പൂർണ്ണരൂപം നൽകിയിട്ടുണ്ടോ; ഇനിയും പദ്ധതിക്ക് പ്രസ്തുത മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും അനുമതിയോ അംഗീകാരമോ ലഭ്യമാക്കേണ്ടതുണ്ടോ;

(സി) ഇല്ല.

| | | | |
|---|---|---|---|
| (ഡി) | കർമ്മ പദ്ധതിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ഡി) & (ഇ) | ശബരിമല മാസ്റ്റർ പ്ലാനിൽ ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം ഗതാഗത സൗകര്യങ്ങുടെ വിപുലീകരണം, ജലവിതരണം, ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ, സാനിട്ടേഷൻ സൗകര്യങ്ങൾ, ക്യൂ കോംപ്ലക്സ്, റോപ്പ്‌വേ, ശൗചാലയങ്ങൾ, നിലയ്ക്കൽ, സന്നിധാനം, പമ്പ എന്നീ സ്ഥലങ്ങളുടെ ആസൂത്രിത വികസനം, ബേസ് ക്യാമ്പുകളുടെ വികസനം, ദുരന്തനിവാരണം, അഗ്നിശമനം, മുതലായ പദ്ധതികൾ പരിസ്ഥിതിക്കനുയോജ്യമായി വികസിപ്പിക്കുകയാണു ലക്ഷ്യം. |
| (ഇ) | ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് കർമ്മ പദ്ധതി ആവിഷ്കരിക്കുന്നത്; | | |
| (എഫ്) | പ്രസ്തുത കർമ്മ പദ്ധതി എന്ന് ആരംഭിക്കുമെന്നും എന്നത്തേയ്ക്ക് ഇത് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കുമോ? | (എഫ്) | 2006 ൽ തുടങ്ങി 2050 വർഷം വരെയുള്ള കാലയളവിൽ ചെയ്തുതീർക്കേണ്ട ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള വിവിധ പദ്ധതികളാണ് മാസ്റ്റർ പ്ലാനിലുള്ളത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള കാർഡിയോളജി സെന്ററുകൾ നടപ്പാത വികസനം, വിശ്രമ സങ്കേതങ്ങൾ എന്നിവയെല്ലാം ഇപ്പോൾതന്നെ പ്രാവർത്തികമായിക്കഴിഞ്ഞു. ശബരിമലയിലെയും നിലയ്ക്കലിലെയും ലേഔട്ട് പ്ലാനുകൾ ലഭിച്ചതിനുശേഷം മുൻഗണന നിശ്ചയിച്ച് പദ്ധതികൾ നടപ്പിലാക്കാനാണ് ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 205. 07.07.2010 ൽ മറുപടിയ്ക്ക്

**കേരളത്തിൽ പാകിസ്ഥാനിലെ ഭീകര സംഘടനയായ ലഷ്കർ-ഇ-തോയ്ബ (LeT) യുടെ സ്വാധീനം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആര്യാടൻ മുഹമ്മദ് | ശ്രീ . കോടിയേരി ബാലകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) കേരളത്തിൽ പാകിസ്ഥാൻ ചാര സംഘടനയായ ISI - യുടെ സ്വാധീനമുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) ഇത് സംബന്ധിച്ച് കേരളത്തിലെ ഏതെങ്കിലും സംഘടനകൾ കേന്ദ്ര സർക്കാരിന്റേയോ, സംസ്ഥാന സർക്കാരിന്റെയോ നിരീക്ഷണത്തിലാണോ;<br>സി) കേരളത്തിലെ ചില സംഘടനകൾ, കേന്ദ്ര സർക്കാരിന്റെ നിരീക്ഷണത്തിൽ ഉണ്ടെന്ന വിവരം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ), (ബി), (സി) & (ഡി):<br>രഹസ്യ സ്വഭാവമുള്ളതിനാൽ വെളിവാക്കുവാൻ സാധിക്കില്ല. |
| ഇ) കേരളത്തിൽ പാകിസ്ഥാനിലെ ഭീകര സംഘടനയായ ലഷ്കർ-ഇ-തോയ്ബ (LeT) - യുടെ സ്വാധീനം വല്ലതുമുണ്ടോ; | ഇ) എടയ്ക്കാട് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം.നമ്പർ.356/08-ന്റെ അന്വേഷണ വേളയിൽ കാശ്മീരിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട (1)ഫായിസ്, (2) ഫയാസ്, (3) യാസിൻ, (4) റഹിം, ഏറ്റുമുട്ടലിൽ രക്ഷപ്പെട്ട ജബ്ബാർ എന്നിവരും കാശ്മീരിൽ വച്ച് ലഷ്കർ-ഇ-തൊയ്ബയുമായി ബന്ധപ്പെട്ടിരുന്നുവെന്ന് ബോദ്ധ്യം വന്നിട്ടുള്ളതാണ്. |

| | |
|---|---|
| എഫ്) പ്രസ്തുത സംഘടന കേരളത്തിലെ ഏതെങ്കിലും സംഘടനകളുമായോ വ്യക്തികളുമായോ ബന്ധപ്പെട്ടിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എഫ്) കേസന്വേഷണത്തിൽ നിന്നും മുകളിൽ പറഞ്ഞവർ കാശ്മീരിലെത്തിയത് കേസിലെ മൂന്നാം പ്രതിയായ തടിയൻറവിട നസീറിൻെറ നേതൃത്വത്തിൽ നടന്ന ഗൂഢാലോചനയുടേയും അതോടനുബന്ധിച്ച് നടന്ന ക്ളാസുകളുടെയും ഫലമായാണെന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. |
| ജി) പ്രസ്തുത സംഘടനയുമായി തടിയന്റവിട നസീറിന് ബന്ധമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ജി) കേസന്വേഷണത്തിൽ നിന്നും മുകളിൽ പ്പറഞ്ഞവർ കാശ്മീരിൽ എത്തിയത് കേസിലെ മൂന്നാം പ്രതിയായ തടിയൻറവിട നസീറിൻെറ നേതൃത്വത്തിൽ നടന്ന ഗൂഢാലോചനയുടേയും അതോടനുബന്ധിച്ച് നടന്ന ക്ളാസുകളുടെയും ഫലമായാണെന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ കേസിൻെറ അന്വേഷണം ഇപ്പോൾ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 206 — 07-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

### എമിഗ്രേഷൻ കൗണ്ടറുകളിൽ സംസ്ഥാന പോലീസ് വകുപ്പിൽ നിന്നുള്ള നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം ഇല്ലാത്തതുകാരണം സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) തിരുവനന്തപുരം വിമാനത്താവളത്തിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും ഇത്തരത്തിൽ ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുണ്ടോ ; | (ബി) തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ വിഭാഗത്തിൽ ജീവനക്കാരുടെ കുറവുണ്ട്. |
| (സി) എമിഗ്രേഷൻ കൗണ്ടറുകളിൽ സംസ്ഥാന പോലീസ് വകുപ്പിൽ നിന്നും നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (സി) എമിഗ്രേഷൻ കൗണ്ടറുകളിൽ എസ്. ഐ. റാങ്കിലുള്ള ഉദ്യോഗസ്ഥരെ സ്വഭാവഗുണം വിലയിരുത്തിയാണ് നിയമിക്കുന്നത് |
| (ഡി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ മതിയായ ജീവനക്കാരില്ലാത്തതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം എയർപ്പോർട്ട് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) എമിഗ്രേഷൻ വിഭാഗത്തിൽ തസ്തികകൾക്ക് അനുമതി നൽകേണ്ട കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 207 — 07.07.2010 - ൽ മറുപടിക്ക്

### ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ

**ചോദ്യം**

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. സാജു പോൾ :
ശ്രീ. എ. സി. മൊയ്തീൻ :

(എ) സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

**ഉത്തരം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
(ബഹു. ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

(എ) : കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനവും, മാതൃകാപരവുമായ നിയമനടപടികൾ സ്വീകരിച്ചും, സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണക്ലാസ്സുകൾ നടത്തിയും, ലഘുലേഖകൾ വിതരണം ചെയ്തും, കുറ്റകൃത്യത്തിന് കൂടുതൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിലും, കൂടുതൽ തിരക്കേറിയ സ്ഥലങ്ങളിലും പോലീസ് സാന്നിദ്ധ്യം, പരിശോധന എന്നിവയും ഏർപ്പെടുത്തിയും കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്.

ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്ന സ്ഥലത്ത് പെട്ടെന്ന് എത്തിചേരുന്നതിന് പുതിയ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിവരങ്ങൾ പെട്ടെന്ന് അറിയുന്നതിനും, അറിയിക്കുന്നതിനും ' ഹലോ കേരളം ' പദ്ധതിയിലുൾപ്പെടുത്തി മൊബൈൽ സിം കാർഡുകൾ പോലീസ് ഉദ്യോഗസ്ഥരിൽ കോൺസ്റ്റബിൾ തലം വരെയുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ലഭ്യമാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം, ഹൈവേ പോലീസ്, ഫ്ലയിംഗ് സ്ക്വാഡുകൾ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ പോലീസ് ബീറ്റ്, പട്രോളിംഗ്, എന്നിവ ശക്തമാക്കിയും, കോമ്പിംഗ് ഓപ്പറേഷൻ നടത്തിയും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടേയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും പേരിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 പ്രകാരം നടപടികൾ സ്വീകരിച്ച് ഇത്തരക്കാരെ കരുതൽ തടങ്കലിൽ പാർപ്പിച്ച് നിയമ നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. അതോടൊപ്പം മെച്ചപ്പെട്ട ക്രമസമാധാന പാലനത്തിനും, കേസന്വേഷണത്തിനുമായി 3 സിറ്റി പോലീസ് ജില്ലകളിലും "ക്രൈം", "ലാ & ഓർഡർ" എന്നിവ പ്രത്യേക വിഭാഗങ്ങളായി പ്രവർത്തിച്ചു വരുന്നു.

കുറ്റകൃത്യങ്ങളും ക്രമസമാധാന പ്രശ്നങ്ങളും ഉണ്ടാകാനുള്ള സാദ്ധ്യത മുൻകൂട്ടി കണ്ടെത്തി പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ചു വരുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതി 43 പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കി വരുന്നു. കൂടാതെ ടി പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വിപുലപ്പെടുത്തുന്നതാണ്. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയ മിക്ക പോലീസ് സ്റ്റേഷനുകളിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് മോഷണങ്ങളിലും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിലും കുറവുണ്ടായിട്ടുണ്ട്. കൂടാതെ റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

**(ബി)** മെച്ചപ്പെട്ട ക്രമസമാധാന നിലയുടെ പേരിൽ സംസ്ഥാനത്തിന് അവാർഡുകളും, അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; പ്രമാദമായ കേസുകളിൽ ഫലപ്രദമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് പോലീസ് വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ ;

**(ബി)** : പാലക്കാട് ജില്ലയിലെ ൗൺ സൗത്ത് പോലീസ് സ്റ്റേഷനെ മെച്ചപ്പെട്ട ക്രമസമാധാന നിലയുടെ പേരിൽ ഇന്ത്യയിലെ മികച്ച പോലീസ് സ്റ്റേഷനായും, സൗത്ത് ഈസ്റ്റ് ഏഷ്യയിലെ 2 -ാമത്തെ മികച്ച പോലീസ് സ്റ്റേഷനായും 2007 - വർഷത്തിൽ ' Altus Global Alliance, Netherland ' തിരഞ്ഞെടുത്ത് അവാർഡ് നൽകിയിട്ടുണ്ട്.

സമീപകാലത്ത് ആലപ്പുഴ ജില്ലയിലെ പ്രമാദമായ രാജശേഖരകാരണവർ വധക്കേസ്സിൽ കുറഞ്ഞ കാലയളവിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി ടി കേസ്സിലെ 4 പ്രതികൾക്കും ജീവപര്യന്തം തടവുശിക്ഷയും, പിഴയും ലഭിക്കുന്നതിന് ഇടയായിട്ടുണ്ട്.

ബഹു. രാഷ്ട്രപതി, ശ്രീമതി സോണിയാ ഗാന്ധി, എന്നിവരെ വധിക്കുമെന്ന ഇ - മെയിൽ സന്ദേശത്തിന്റെ ഉറവിടം ഉടനടി കണ്ടെത്തി കുറ്റക്കാരന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത്, പ്രതിയായ അരുൺ സൂര്യൻ എന്നയാളെ അറസ്റ്റു ചെയ്യുകയും ചെയ്തു. കേസ് അന്വേഷണാവസ്ഥയിലാണ്.

പ്രമാദമായ പാലക്കാട് ഷീല വധക്കേസിലെ പ്രതികളെ വളരെ ചുരുങ്ങിയ സമയം കൊണ്ട് അറസ്റ്റ് ചെയ്യാനും, കേസ് തെളിയിക്കാനും പോലീസിന് കഴിഞ്ഞിട്ടുണ്ട്.

ഇതുകൂടാതെ ഒട്ടനവധി കൊലക്കേസുകളും, പ്രമാദമായ ക്ഷേത്രമോഷണകേസുകളും പോലീസിന് തെളിയിക്കാൻ സാധിച്ചിട്ടുണ്ട്.

**(സി)** വ്യാജസന്യാസിമാർക്കും, ആത്മീയ വ്യാപാരികൾക്കുമെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ശാസ്ത്രീയമായ കേസന്വേഷണം നടത്തുന്നതിന് പോലീസ് സേനയെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ;

**(സി)** : സ്വാമി അമൃതചൈതന്യ എന്ന സന്തോഷ് മാധവനെതിരെ കൊച്ചി സിറ്റിയിൽ പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചത് സംബന്ധിച്ച് 4 ക്രൈം കേസുകളും, ചതി, വിശ്വാസ വഞ്ചന എന്നീ കുറ്റങ്ങൾക്ക് ഓരോ കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടിയാനെ അറസ്റ്റ് ചെയ്ത് രണ്ട് കേസുകളിൽ ശിക്ഷിക്കപ്പെട്ട് ഇപ്പോൾ ജയിലിൽ കഴിഞ്ഞു വരുന്നു.

ഹിമവൽ ഭദ്രാനന്ദ എന്ന അരുൺ ചന്ദിനെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ച് സി. ഐ. ഡി. അന്വേഷിച്ച് വരുന്നു.

ഇതു കൂടാതെ തൃശ്ശൂർ ജില്ലയിൽ ഈ വിഷയത്തിൽ 3 കേസുകളും, എറണാകുളം റൂറൽ ജില്ലയിൽ 3 കേസുകളും, മലപ്പുറം ജില്ലയിൽ ഒരു കേസും, കോഴിക്കോട് റൂറൽ ജില്ലയിൽ 3 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ എല്ലാം മാതൃകാപരമായ അന്വേഷണം നടത്തിയിട്ടുള്ളതാകുന്നു.

ഇത്തരം ആൾക്കാർക്കെതിരെ സ്പെഷ്യൽ ബ്രാഞ്ചിന്റെ സേവനം ഉപയോഗപ്പെടുത്തി നിരീക്ഷിച്ച് വരികയും രഹസ്യ വിവരങ്ങൾ ശേഖരിച്ചും മറ്റും നടപടികൾ സ്വീകരിച്ചുവരുന്നു.

കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

## ഫോറൻസിക് സയൻസ് ലബോറട്ടറി

കണ്ണൂരും, തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി 24 തസ്തികകളും പുതുതായി അനുവദിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി ഡി. എൻ. എ., സൈബർ ഫോറൻസിക് തുടങ്ങിയ ഡിവിഷനുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. വ്യാജ വിദേശ കറൻസികളും വ്യാജ ഇൻഡ്യൻ കറൻസികളും പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## സൈബർ ക്രൈം പോലീസ് സ്റ്റേഷൻ

സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേയ്ക്ക് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലകളിൽ ജില്ലാ / സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചു വരുന്നു.

## ഫിംഗർ പ്രിന്റ് ബ്യൂറോ

കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി ഫിംഗർ പ്രിന്റ് ബ്യൂറോ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റകൃത്യസ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വിരലടയാളങ്ങൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ശാസ്ത്രീയമായി വിശകലനം ചെയ്ത് കുറ്റവാളികളെ

കണ്ടെത്തുന്നതിന് വിരലടയാള വിശകലന സംവിധാനം Finger Print Bureau ആസ്ഥാനത്ത് നടപ്പിലാക്കി കഴി ഞ്ഞു. ഈ സംവിധാനം എല്ലാ പോലീസ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റകൃത്യസ്ഥലങ്ങളിൽ നിന്നും ശാസ്ത്രീയമായി ശേഖരിക്കപ്പെടുന്ന വിരലടയാളങ്ങൾ പരിശോധിച്ച് കുറ്റവാളി കളെ കണ്ടെത്തുന്നതിന് ഉപകരിക്കുന്ന ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഉദാ. Forensic Light Source, Scene of Crime light, DLK Unit, Modern Scientific Investigation Kit etc. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുക ളിലും അന്വേഷണത്തിന് സഹായകമാകുന്ന ശാസ്ത്രീയ ഉപകരണങ്ങളടങ്ങുന്ന 'ഇൻവെസ്റ്റിഗേഷൻ കിറ്റ് ' വിതരണം ചെയ്തിട്ടുള്ളതും ആയത് ഉപയോഗിച്ചു വരുന്നതുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 208

07.07.2010-ൽ മറുപടിയ്ക്ക്

മുസിരിസ് പൈതൃക പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) മുസിരിസ് പൈതൃക പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) മുസിരിസ് പൈതൃക പദ്ധതിയുടെ നടത്തിപ്പിനായി കൊടുങ്ങല്ലൂർ ആസ്ഥാനമായി ഓഫീസ് തുറക്കുകയും ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി ഒരു കൺസർവേഷൻ കൺസൽട്ടന്റിനേയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനും വിലയിരുത്തലിനുമായി സംസ്ഥാന ആഭ്യന്തര ടൂറിസം വകുപ്പുമന്ത്രി അദ്ധ്യക്ഷനായും ടൂറിസം സെക്രട്ടറി കൺവീനറുമായുള്ള ഒരു കോ - ഓർഡിനേഷൻ കമ്മിറ്റിയും നിർമ്മാണ പ്രവർത്തനങ്ങൾ സമയക്രമമനുസരിച്ച് മുന്നോട്ടു പോകുന്നു എന്ന് ഉറപ്പുവരുത്തുവാനും പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി ടൂറിസം സെക്രട്ടറി അദ്ധ്യക്ഷനായും, ടൂറിസം ഡയറക്ടർ കൺവീനറായും ഒരു മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുക ളിൽ നിന്നും യഥാസമയം ഭരണാനുമതി ലഭ്യമാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ സമയക്രമമനുസരിച്ച് മുന്നോട്ടു പോകുന്നു എന്ന് ഉറപ്പുവരുത്തുവാനും സ്പെഷ്യൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ളതും ടൂറിസം ഡയറക്ടർ അദ്ധ്യക്ഷനായും ബന്ധപ്പെട്ട വകുപ്പുകളുടേയും മുസരിസ് പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഓരോ പ്രതിനിധിയെ ഉൾക്കൊള്ളിച്ചുള്ളതുമായ ഒരു സ്പെഷ്യൽ ഇംപ്ലിമെന്റേഷൻ ടീമും രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, മുസരിസ് പൈതൃക പദ്ധതിയുടെ പ്രാദേശിക തലത്തിലുള്ള ഏകോപനത്തിനും പദ്ധതി നിർവ്വഹണത്തിനുമായി വിനോദസഞ്ചാര വകുപ്പു മന്ത്രി അദ്ധ്യക്ഷനായും ടൂറിസം ഡയറക്ടർ കൺവീനറുമായും ഒരു പദ്ധതി അവലോകന കമ്മിറ്റിയും മുസിരിസ് സാംസ്കാരിക പൈതൃക പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം പ്രദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്; | ബി) | മുസിരിസ് സാംസ്കാരിക പൈതൃക പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങൾ ചുവടെ പറയും പ്രകാരമാണ്. |

1.കോട്ടപ്പുറം കോട്ട
2. പരവൂർ ജൂതപ്പള്ളി
3. പാലിയം ഡച്ച് കൊട്ടാരം
4. പാലിയം നാലുകെട്ട്
5. പള്ളിപ്പുറം കോട്ട
6. വൈപ്പിൻകോട്ട സെമിനാരി
7. അബ്ദുൽ റഹ്മാൻ സാഹിബിന്റെ വീട്
8. കോട്ടയിൽ കോവിലകം
9. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, തെരഞ്ഞെടുക്കപ്പെട്ട കോവിലകങ്ങൾ
10. ചേരമാൻ ജുമാ മസ്ജിദ്
11. ചേരമാൻ പറമ്പ്
12. ചേന്ദമംഗലം ജൂതപ്പള്ളി
13. തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം
14. കീഴ്ത്താലി ശിവക്ഷേത്രം
15. പട്ടണത്തും കോട്ടപ്പുറത്തുമുള്ള ഉൽഖനന കേന്ദ്രങ്ങൾ
16.സെന്റ് തോമസ് കോട്ടക്കടവ് ഫെറോന പള്ളി, നോർത്ത് പറവൂർ
17. സെന്റ് തോമസ് സിറിയിൻ യാക്കോബൈറ്റ്സ് ചർച്ച്, നോർത്ത് പറവൂർ
18. മൂകാംബിക ക്ഷേത്രം, നോർത്ത് പറവൂർ.
19. കേസരി ബാലകൃഷ്ണപിള്ളയുടെ വസതി, നോർത്ത് പറവൂർ
20. പി.കേശവദേവിന്റെ വസതി, നോർത്ത് പറവൂർ
21. സഹോദരൻ അയ്യപ്പന്റെ ഭവനം, ചെറായി, പള്ളിപ്പുറം പഞ്ചായത്ത്.
22. പറവൂർ തമ്പുരാന്റെ വസതി, നോർത്ത് പറവൂർ
23. തൃക്കണ്ണാ മതിലകം
24. ഇലവഞ്ചിക്കുളം
25. ബംഗ്ലാവ് കടവ്
26. പി.എ.സെയ് ദ് മുഹമ്മദ് സ്മാരകം
27. പതിനെട്ടരയാളം എടവിലങ്ങ്
28.അഴീക്കോട് മാർത്തോമാ പള്ളി
29. കോട്ടപ്പുറം ചന്ത

മേല്പറഞ്ഞവ കൂടാതെ, കണ്ടെത്തപ്പെടുന്ന സമാനങ്ങളായ പ്രദേശങ്ങൾ ആവശ്യമായ അന്വേഷണത്തിനും ചർച്ചയ്ക്കും ശേഷം പിന്നീട് ഉൾപ്പെടുത്താവുന്നതാണ്. പദ്ധതിക്ക് അനുപേക്ഷണീയമെന്ന് കണ്ടെത്തുന്ന പൈതൃക സ്ഥലങ്ങളിൽ ഖനനം ചെയ്യുകയും

| | | | |
|---|---|---|---|
| | | | പദ്ധതിപ്രദേശങ്ങളിലുള്ള ചരിത്രസ്മാരകങ്ങൾ പുന:സൃഷ്ടിക്കുകയും പ്രാചീന കലകളെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമുള്ള മ്യൂസിയം സ്ഥാപിക്കുകയും ചെയ്യും. |
| (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്; പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; | സി) | പാലിയം പാലസ്, നാലുകെട്ട്, കോട്ടപ്പുറം ചന്ത, കോട്ടപ്പുറം കോട്ട, പറവൂർ ജൂത സിനഗോഗ്, എന്നിവിടങ്ങളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇതു കൂടാതെ കൊടുങ്ങല്ലൂരും പറവൂരുമുള്ള പദ്ധതി പ്രദേശത്ത് റോഡു നവീകരണത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബോട്ടുജെട്ടികളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇവയെല്ലാം തന്നെ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി പ്രകാരം ചെയ്യുന്ന പദ്ധതികളാണ്. മുസിരിസ് പൈതൃക പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ; | ഡി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | പദ്ധതിയിൽ ഉൾപ്പെടുന്ന മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, പള്ളികൾ, ചരിത്ര സ്മാരകങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ, | ഇ) | ഉണ്ട് |
| (എഫ്) | പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എഫ്) | ആദ്യഘട്ടം 2010 ഡിസംബറിലും, പദ്ധതി പൂർണമായി മൂന്നു വർഷത്തിനകവും പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു. |
| ജി) | പദ്ധതി നടപ്പാക്കുന്നതിലൂടെ കേരള ടൂറിസത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ? | ജി) | പദ്ധതി പൂർത്തീകരിക്കുന്നതോടെ മുസിരിസ് ആഗോള ഖ്യാതി നേടുമെന്നും അതിലൂടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സന്ദർശകർ ഈ മേഖലയിലേക്ക് കൂടുതലായി വരുമെന്നും അങ്ങനെ ഈ മേഖലയിൽ ടൂറിസം വികസിക്കുകയും അനുബന്ധ അഭിവൃദ്ധി ഉണ്ടാവുകയും ചെയ്യുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 209** 07.07.2010- ൽ മറുപടിക്ക്.

### ജനമൈത്രി പദ്ധതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. അച്ചുതൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജനമൈത്രി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി തൃപ്തികരമാണോ ; | : (എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഒന്നാംഘട്ടം തൃപ്തികരമായാണ് നടന്നുവരുന്നത്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനം എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | : (ബി) പൊതുജനങ്ങളുടെ സഹകരണവും പദ്ധതിയുടെ ഒന്നാംഘട്ട നടത്തിപ്പിലെ വിജയവും കണക്കിലെടുത്ത് 2009 ഓഗസ്റ്റ് മാസം മുതൽ രണ്ടാം ഘട്ടമായി 23 സ്റ്റേഷനുകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചു. |
| (സി) ഇതിന്റെ ഭാഗമായി ആരംഭിക്കുന്ന യുവകേന്ദ്രങ്ങളുടെ ഘടനയേയും പ്രവർത്തന രീതിയേയും കുറിച്ച് ധാരണയുണ്ടായിട്ടുണ്ടോ ;<br><br>(ഡി) ഇക്കാര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതൊക്കെ യുവജന സംഘടനകളുടെ സഹായമാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ;<br><br>(ഇ) ഇത്തരത്തിൽ ആരംഭിക്കുന്ന കേന്ദ്രങ്ങളെ എന്തൊക്കെ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ? | : (സി), (ഡി) & (ഇ)<br>ജനമൈത്രി സുരക്ഷാ പദ്ധതിയിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ജനമൈത്രി യുവകേന്ദ്രം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് യുവജനങ്ങളിലെ കുറ്റവാസന ഒഴിവാക്കുവാനും അവരെ തികച്ചും പൗരബോധം ഉള്ളവരായി തീർക്കുക |

(മറുപുറം)

എന്നുള്ളതുമാണ്. യുവജനസംഘടനകൾ, മാതൃകാപരമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടോ അല്ലാതെയോ വിവിധ കലാ-സാംസ്കാരിക പരിപാടികൾ ടി കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക, യുവാക്കളിൽ കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുക, ഭീകരതയ്ക്കെതിരെയും, മദ്യത്തിനും മയക്കുമരുന്നിനുമെതിരായ സെമിനാറുകൾ സംഘടിപ്പിക്കുക, സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പരിപാടികൾ സംഘടിപ്പിക്കുക എന്നിവയൊക്കെയാണ് ജനമൈത്രി യുവകേന്ദ്രത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 210 07-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. വി.എസ് സുനിൽ കുമാർ :
ശ്രീ. പി തിലോത്തമൻ :
ശ്രീ. ബാബു പോൾ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും
വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ടോ ; | (എ) തുടങ്ങിയിട്ടുണ്ട് |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | 1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.<br>2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസികമനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.<br>3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവിസ്നേഹവും വളർത്തുക.<br>4. സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിയ്ക്കാനും പ്രവർത്തിയ്ക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.<br>5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിയ്ക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. |

6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക

7. വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇട പെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക

9. സ്വഭാവശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കു ന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക

10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിയ്ക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതി യുടെ ലക്ഷ്യങ്ങൾ

(സി) ഈ പദ്ധതി ഏതെല്ലാം തരത്തിലുള്ള സ്കൂളുകളിലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ പോലീസ് ജില്ലയിലും ചുവടെ ചേർത്തിട്ടുള്ള മാനദണ്ഡങ്ങൾ പാലി ക്കുന്ന 6 വീതം ഹൈസ്കൂൾ/ ഹയർ സെക്കൻഡറി / വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലാണ് ആദ്യഘട്ട മായി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നത്.

1. സജീവമായതും സേവന പാരമ്പ ര്യവുമുള്ള അദ്ധ്യാപക രക്ഷകർത്തൃ സമിതിയുണ്ടായിരിക്കണം

2. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ നടത്തിപ്പിനായി ഒരു അദ്ധ്യാപകനും ഒരു അദ്ധ്യാപികയുമെങ്കിലും സന്നദ്ധ മായിരിക്കണം

3. കായികപരിശീലനത്തിനായി അനുയോജ്യമായ ഒരു ഗ്രൗണ്ട് ഉണ്ടായിരിക്കണം

4. ഹൈസ്കൂളിലും ഹയർ സെക്കൻഡറി സ്കൂളിലുമായി 500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ, സർക്കാർ

എയിഡഡ് വിദ്യാലയങ്ങളായിരിക്കണം.

5. നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പരിശീലനം നൽകുന്ന എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്താവുന്നതാണ്.

6. ഒരു പോലീസ് സർക്കിളിൽ ഒരു വിദ്യാലയം എന്ന നിലയിൽ ഒരു പോലീസ് ജില്ലയിൽ പരമാവധി 6 സ്കൂളുകൾ അനുവദിക്കാവുന്നതാണ്.

(ഡി) പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ, എങ്കിൽ എന്തെല്ലാം ;

ഉണ്ട്.

ചുവടെ ചേർത്തിട്ടുള്ള യോഗ്യതകളാണ് നിശ്ചയിച്ചിട്ടുള്ളത്

1. തൊട്ടു മുൻപുള്ള വാർഷികപരീക്ഷയിൽ ചുരുങ്ങിയത് സി പ്ലസ് ഗ്രേഡ് (50%) നേടിയിരിക്കണം.

2. നിശ്ചിത ശാരീരിക യോഗ്യതയുണ്ടാകുകയും, വൈദ്യപരിശോധനയിൽ അയോഗ്യത കൽപ്പിക്കാതിരിക്കുകയും വേണം

3. പ്രധാന അദ്ധ്യാപകൻ നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റും രക്ഷകർത്താവിന്റെ സമ്മതപത്രവും ഉണ്ടാകണം.

(ഇ) ഇതിനായി നിശ്ചയിച്ചിട്ടുള്ള യൂണിഫോമുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

കാക്കി പാന്റും കാക്കി ഷർട്ടും (പോലീസ് യൂണിഫോം), ബ്ലാക്ക് ഷൂ, കാക്കി സോക്സ്, ബ്ലാക്ക് ബെൽറ്റ്, ബ്ലൂ ബാരക് ക്യാപ്. കായിക പരിശീലന സമയത്ത് വെളുത്ത ടീ ഷർട്ടും കറുത്ത പാന്റും ക്യാൻവാസ് ഷൂ എന്നിവയും ധരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ